Mr. P. V. Raphael *(Joint Secretary to Government):*

(*a*) No; negotiations are being carried on with the Travancore Government for the conclusion of an agreement for the supply of electricity from Pallivasal.

(*b*) As the matter is still under negotiation, no further details can be given at this stage.

The answer to this question has to be supplemented by the statement that I read in the Council.

LEGISLATIVE COUNCIL—LIST OF PERMANENT REPORTERS

160. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കൊച്ചി നിയമസഭക്കു് എത്ര ഇംഗ്ലീഷു ചുരുക്കം എഴുത്തുകാർ സ്ഥിരമായിട്ടുണ്ടു്;

(ബി) അവർ ഓരോരുത്തരുടേയും ശമ്പളം എത്രവീതമാണു്;

(സി) സ്ഥിരമായി മലയാളം ചുരുക്കം എഴുത്തുകാർ നിയമസഭക്കു് എത്രപേരുണ്ടു്;

(ഡി) അവർ ഓരോരുത്തരുടേയും ശമ്പളം പ്രതിമാസം എത്ര ഉറപ്പിക വീതമാണു്?

Mr. P. V. Raphael *(Joint Secretary to Government):*

(*a*) 1.

(*b*) 25—60 plus 10 duty allowance.

(*c*) 1.

(*d*) 25—60 plus 10 duty allowance.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനുമുമ്പു രണ്ടു് ഇംഗ്ലീഷു റിപ്പോർട്ടർമാരുണ്ടായിരുന്നില്ലെ?

മിസ്റ്റർ പി. വി. റാഫേൽ: പെർമനൻറായിട്ടു് ഒരാളേ ഉണ്ടായിരുന്നുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവിടെ വക്കുചെയ്യുന്ന ബാക്കി റിപ്പോർട്ടർമാർ എവിടെനിന്നെടുക്കപ്പെടുന്നവരാണു്?

മിസ്റ്റർ പി. വി. റാഫേൽ: നമ്മുടെ ഗവൺമെണ്ടിലെ പല ഡിപ്പാർട്ടുമെണ്ടുകളിലും ഷോർട്ട്ഹാൻറ റിപ്പോർട്ടർമാരെ വെച്ചിട്ടുണ്ടു്. അവരെയാണു് ഈ ആവശ്യത്തിലേക്കു് എടുക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവർക്കു് ഇതിനു പ്രത്യേകിച്ചു വല്ല അലവൻസ്സും കൊടുത്തുവരുന്നുണ്ടൊ?

മിസ്റ്റർ പി. വി. റാഫേൽ: അവർക്കു ബോണസ്സുകൊടുക്കുന്നുണ്ടു്; ടി. എ. കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇംഗ്ലീഷു റിപ്പോർട്ടർമാക്കും മലയാളം റിപ്പോർട്ടർമാക്കും സമവീതമാണൊ കൊടുത്തുവരുന്നതു് ?

മിസ്റ്റർ പി. വീ. റാഫേൽ: വ്യത്യാസമൊന്നുമില്ലെന്നാണറിയുന്നതു്.

HARBOUR AREA—COLLECTION OF LAND REVENUE FROM

161. Mr. T. A. Ramachandra Ayyar *(Nellayi):* Will Government be pleased to state.—

(*a*) in which village is the Harbour area included ;

(*b*) the name of the Parvathyam who is to collect the revenue from there ;

(*c*) the total amount of land revenue collected from the Harbour area this year ?

Mr. A. Madhava Prabhu *(Diwan Peishkar):*

(*a*) If by "Harbour area" the member means the Willingdon Island it is included in Mattancheri village. If the area included within the port limits is meant, it takes in parts of Elamkulam, Ernakulam, Mulavukad, Elangunnapuzha, Mattancheri and Rameswaram villages.

(*b*)

Village	*Name of Parvathiam*
Elamkulam	V. Swaminatha Ayyar
Ernakulam	A. Rama Menon
Mulavukad	V. Velayudha Menon
Elangunnapuzha	V. Raghava Menon
Mattancheri	E. Krishna Menon
Rameswaram	E. Parameswara Menon

(*c*) No land revenue has been collected in respect of the Willingdon Island. It is not possible to furnish information about the amounts collected in respect of the port limits included in each village.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: വില്ലിങ്ങ്ഡൺ ഐലണ്ടിനും പുറമെ ഇതിൽ പറയുന്ന വില്ലേജുകളും കൂടി പോർട്ട് ഏരിയായിൽ പെട്ടിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. ആ സ്ഥലങ്ങളിൽനിന്നു നികുതിപിരിക്കാമുണ്ടൊ ?

മിസ്റ്റർ എ. മാധവപ്രഭു: ഉവ്വു്, പോർട്ടു് ലിമിറ്റ്സു് ആണതു്. വില്ലിങ്ങ്ഡൺ ഐലണ്ടിലെ നികുതിയെപ്പറ്റി എഴുത്തുകുത്തുനടത്തിവരുന്നുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇതു വില്ലിങ്ങ്ഡൺ ഐലണ്ടിന്റെ ജൂറിസ്ഡിക്ഷനിൽ പെടുത്തീട്ടുണ്ടൊ ?

മിസ്റ്റർ എ. മാധവപ്രഭു: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly